**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 833 29.09.16-ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കൻററി സ്കൂളിലെ അധ്യാപക നിയമനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കൻററി സ്കൂളിൽ അധ്യാപക ബാങ്കിൽ നിന്ന് നിയോഗിച്ചിരുന്ന അധ്യാപകരെ പിൻവലിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നതിനുള്ള സർക്കാർ ഉത്തരവിനു മുമ്പ് എയ്ഡഡ് സ്കൂളുകളിലെ അധിക അദ്ധ്യാപകരെ കരുനാഗപ്പള്ളി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നിയമിച്ചിരുന്നു. 29.01.2016 ലെ സ.ഉ.(പി) 29/2016 ന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം പൂർത്തിയാക്കി സീനിയോറിറ്റി അടിസ്ഥാനത്തിൽ പുനക്രമീകരിക്കുന്നതിന്റെ ഭാഗമായി ടി അദ്ധ്യാപകരെ ടി സ്കൂളിൽ നിന്നും മാറ്റി നിയമിച്ചിട്ടുണ്ട്. |
| (ബി) | അധ്യാപകരെ പിൻവലിച്ചതിനു പകരമായി പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ സ്കൂളിനുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത അധ്യാപകരെ അതേ സ്കൂളിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കൻററി സ്കൂളിലേയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള അദ്ധ്യാപകർക്ക് സ്ഥല മാറ്റം നൽകി പ്രസ്തുത സ്കൂളിലെ പരമാവധി ഒഴിവുകൾ നികത്തിയിട്ടുണ്ട്. തസ്തിക നഷ്ടം സംഭവിച്ച മറ്റ് ജില്ലകളിലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ ഉൾപ്പെടുത്തി ടി സ്കൂളിലെ ബാക്കിയുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ